**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നം.171** **13/06/2019-ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീ.പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യഗവേഷണരംഗത്തെ നൂതന പരിഷ്കാരങ്ങളും വിവരങ്ങളും ഗവേഷണ ഫലങ്ങളും ലഭ്യമാക്കുന്ന ഗ്ലോബൽ വൈറസ് നെറ്റ് വർക്കിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിൽ നിപാ വൈറസ് ബാധയുണ്ടായ പശ്ചാത്തലത്തിൽ കേരളത്തിൽ ലോകനിലവാരത്തിലുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയും തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുകയും ചെയ്തു. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഗ്ലോബൽ വൈറസ് നെറ്റ് വർക്ക് (GVN) എന്ന സംഘടനയിൽ അംഗത്വമെടുക്കുവാനുള്ള പ്രക്രിയകൾ പുരോഗമിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രഗത്ഭരായ വൈറോളജിസ്റ്റുകളെ കണ്ടെത്തി നിയമനം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി പുരോഗമിക്കുകയാണ്. |
| (ബി) | നിപ വൈറസ് പോലുള്ള രോഗ ഹേതുക്കളും അപകടകാരി കളുമായ വൈറസിനെയും ബാക്ടീരിയയെയും തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് | (ബി) | നിപ വൈറസ് പോലുള്ള രോഗഹേതുക്കളേയും അപകടകാരികളായ വൈറസിനെയും ബാക്ടീരിയയെയും തിരിച്ചറിഞ്ഞ് രോഗം സ്ഥിരീകരിക്കുന്നതിന് പര്യാപ്തമായ ലബോറട്ടറി സൗകര്യങ്ങൾ ആരോഗ്യവകുപ്പിനുണ്ട്. ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നീ രോഗങ്ങളുടെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | വൈറസുകളെ തിരിച്ചറിയുവാനുള്ള സൗകര്യം സംസ്ഥാനത്തെ 33 സെന്റിനൽ സർവൈലൻസ് ലാബുകളിൽ ലഭ്യമാണ്. നിപ്പ, വെസ്റ്റ് നൈൽ, എച്ച് 1 എൻ1, റൂബല്ല, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, കുരങ്ങുപനി തുടങ്ങിയവയുടെ വൈറസുകളെ തിരിച്ചറിയുവാനുള്ള സൗകര്യം ആലപ്പുഴയിലെ നാഷണൽ വൈറോളജി യൂണിറ്റിലുണ്ട്. എലിപ്പനി, സ്ക്രബ്ടൈഫസ് എന്നീ രോഗങ്ങളുടെ രോഗാണുക്കളെ തിരിച്ചറിയാൻ മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ലാബുകളിലും ജില്ലാ/ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ ഡെങ്കിപ്പനി, ചിക്കൻഗുനിയ, ജപ്പാൻജ്വരം, എച്ച്1 എൻ1, എലിപ്പനി, സ്ക്രബ്ടൈഫസ്, സിക്ക, ഹെപ്പറ്റൈറ്റിസ് എ തുടങ്ങി നിരവധിതരം രോഗാണുക്കളെ തിരിച്ചറിയുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ഉണ്ട്.<br>ആരോഗ്യ വകുപ്പ് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി ആരോഗ്യജാഗ്രതാ പരിപാടികളും ദേശീയ ആരോഗ്യപരിപാടികളും സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുടേയും, ഏജൻസികളുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെ രോഗപ്രതിരോധപ്രവർത്തനങ്ങൾ നടത്തി രോഗം പരത്തുന്ന പ്രാണികളുടെ നശീകരണം സാധ്യമാക്കുന്നു. രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, പ്രാണിനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നു. |
| (സി) | ആരോഗ്യരംഗത്തെ പുരോഗതിക്കും പകർച്ചവ്യാധികൾ പോലെയുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജീകരിക്കുന്നത് ആരോഗ്യരംഗത്തെ പുരോഗതിക്കും വൈറസ് മൂലമുള്ള പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുമുള്ള സജ്ജീകരണങ്ങളാണ്. രോഗനിർണ്ണയം, വൈറസിന്റെ ജനിസുകളുടെ വിശകലനം, ബൃഹത്തായ ഗവേഷണ നിരീക്ഷണങ്ങൾ നടത്തുവാനുള്ള ആധുനിക |

| | | | |
|---|---|---|---|
| | | | സജ്ജീകരണങ്ങൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ഉണ്ടാകും. സമയബന്ധിതമായി പകർച്ച വ്യാധികൾ നേരിടുവാൻ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സഹായകരമാവുകയും പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ സാമ്പിളുകൾ അയച്ച് നിർണയം നടത്തുവാൻ എടുക്കുന്ന കാലതാമസം ഒഴിവാക്കുവാനും സാധിക്കും. കേരളത്തിലെ മെഡിക്കൽ കോളേജുകളും, ആശുപത്രികളും ബന്ധിപ്പിക്കുന്ന ആധുനിക നെറ്റ് വർക്കിംഗ് സംവിധാനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജീകരിക്കുന്നതുവഴി കേരളത്തിലെ വിടെയെങ്കിലും ഏതു അടിയന്തര സാഹചര്യം ഉണ്ടായാലും ജനങ്ങളെ ബോധവത്കരിക്കുവാനും ത്വരിതമായി നേരിടുവാനും സാധിക്കുന്നതാണ്. ഗ്ലോബൽ വൈറസ് നെറ്റ് വർക്കിന്റെ ഭാഗമാകുന്നതു വഴി ലോക പ്രശസ്തരായ വൈറോളജിസ്റ്റുകളുടെ സേവനവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി വഴി നമ്മുടെ ആരോഗ്യമേഖലയ്ക്ക് ലഭ്യമാകും. |

സെക്ഷൻ ഓഫീസർ